പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4484

21.03.2018 ൽ മറുപടിക്ക്

## കാരുണ്യ സ്കീം വഴി സർജറി ഉപകരണങ്ങൾ

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ സ്കീം വഴി ഓർത്തോ വിഭാഗത്തിലെ സർജറിയ്ക്ക് ആവശ്യമായ Inplant, Prosthesis, Plates, മറ്റ് സർജറി ഉപകരണങ്ങൾ എന്നിവ നിലവിൽ സർക്കാർ മെഡിക്കൽ കോളേജുകൾ എവിടെ നിന്നാണ് വാങ്ങുന്നത്;വ്യക്തമാക്കുമോ; | (എ) | സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കാരുണ്യ സ്കീം വഴി ഓർത്തോ വിഭാഗത്തിലെ സർജറിയ്ക്ക് ആവശ്യമായ Implant, Prosthesis, Plates, മറ്റ് സർജറി ഉപകരണങ്ങൾ എന്നിവ സൂപ്രണ്ട് മുഖാന്തിരം എച്ച്. എൽ. എൽ -ൽ നിന്നാണ് വാങ്ങുന്നത്. |
| (ബി) | നിലവിലെ വാങ്ങുന്ന രീതി പരിഷ്കരിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി പ്രസ്തുത ഉപകരണങ്ങൾ വാങ്ങി കാരുണ്യ സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (ബി) | സർക്കാർ ആശുപത്രികളിൽ അസ്ഥിരോഗ ചികിത്സാർത്ഥം ഉപയോഗിക്കുന്ന വിവിധയിനം Implant. Prosthesis, Plates, തുടങ്ങിയ ഉപകരണങ്ങൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ